ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്; എഫ്.സി.ഐ. ഗോഡൗണിൽ ജീവനക്കാർ ഇല്ലാത്തതുമൂലം ചില അവസരങ്ങളിൽ റേഷൻ സാധനങ്ങൾ ലഭിക്കുന്നതിന് കാലതാമസം വന്നിട്ടുണ്ട്. ഇക്കാര്യം എഫ്.സി.ഐ. ഉന്നത ഉദ്യോഗസ്ഥരുടേയും കേന്ദ്രസർക്കാരിന്റേയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

**സിവിൽ സപ്ലൈസ് വകുപ്പിലെ വിജിലൻസ് കമ്മിറ്റികളുടെ പ്രവർത്തനം**

168 (4504) ശ്രീ. വി. ശിവൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി രൂപീകരിച്ച വിജിലൻസ് കമ്മിറ്റികളുടെ പ്രവർത്തനം വിശദമാക്കുമോ;

(ബി) റേഷൻ സാധനങ്ങളുടെ വിതരണത്തിൽ എന്തെങ്കിലും ക്രമക്കേടുകൾ നടന്നിട്ടുള്ളതായി പ്രസ്തുത വിജിലൻസ് കമ്മിറ്റികൾ കണ്ടെത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനും പൊതുവിതരണം ശക്തിപ്പെടുത്തുന്നതിനുമായി സിവിൽ സപ്ലൈസ് വകുപ്പിനുകീഴിലുള്ള വിജിലൻസ് കമ്മിറ്റികൾ ജാഗരൂകമായി പ്രവർത്തിച്ചുവരുന്നു. റേഷൻ സാധനങ്ങളുടെ പൂഴ്ത്തിവയ്പ്പ്, മറിച്ചുവിൽപ്പന, കരിഞ്ചന്തയിലെ വിൽപ്പന മുതലായവ തടയുക, സർക്കാർ സബ്സിഡി നൽകി അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുക, പരാതികൾ പരിഹരിക്കുക, പൊതുവിതരണ രംഗത്തെ പരാതികൾക്ക് പരിഹാരം കാണുക, ഈ സമ്പ്രദായത്തെക്കുറിച്ച് മൊത്തത്തിൽ ഒരു അവബോധം സൃഷ്ടിക്കുക എന്നിവ ഈ കമ്മിറ്റികളുടെ പ്രവർത്തനങ്ങളിൽപ്പെടുന്നു.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

**സപ്ലൈകോയിലെ അഴിമതി തടയുന്നതിന് നടപടി**

169 (4505) ശ്രീമതി കെ. എസ്. സലീഖ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിൽ സാധനങ്ങൾ വാങ്ങുന്നതിനായി കഴിഞ്ഞ സർക്കാർ സ്വീകരിച്ച് മാനദണ്ഡങ്ങൾ എന്തെല്ലാം എന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly